**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6324** **10-11-2021 - ൽ മറുപടിയ്ക്ക്**

**ടൂറിസ്റ്റ് കേന്ദ്രങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ടൂറിസ്റ്റ് കേന്ദ്രങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കാമോ; | (എ) | സ്വീകരിച്ചിട്ടുണ്ട്. ഭിന്നശേഷിക്കാരായ വിനോദസഞ്ചാരികൾക്ക് കൂടി സൗകര്യപ്രദമായ വിധത്തിൽ സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങളെ മാറ്റിയെടുക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണ് ബാരിയർ ഫ്രീ ടൂറിസം. ഇതിന്റെ ആദ്യഘട്ടം എന്ന നിലയിൽ 2017- ൽ 9 കോടി രൂപയുടെയും 2021-ൽ 6,91,17,011/- രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്. കൈവരിയുള്ള റാമ്പ്, ബ്രെയിൽ ലിപിയിലുള്ള ദിശാ സൂചകം, ഭിന്നശേഷി സൗഹൃദ ടോയിലറ്റ്, വീൽചെയർ, വാക്കിംഗ് സ്റ്റിക്, ക്രച്ചസുകൾ എന്നിവ ലഭ്യമാക്കുക, ശ്രവണ വഴികാട്ടി, എന്നിവയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 84 ടൂറിസം ഡെസ്റ്റിനേഷനുകളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിൽ 69 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | ബീച്ചുകളിലും മറ്റും വീൽചെയർ റാംപ് നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട ബീച്ചുകളിലും ടൂറിസം കേന്ദ്രങ്ങളിലും നിലവിൽ ടൂറിസം വകുപ്പ് വീൽചെയർ റാംപ് നിർമ്മിച്ചിട്ടുണ്ട്. കൂടുതൽ ബീച്ചുകളിലും ടൂറിസം കേന്ദ്രങ്ങളിലും വീൽചെയർ റാംപ് നിർമ്മിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ